പുകയില രഹിത കോട്ടയം പദ്ധതിയുടെ വാർഷികത്തോടനുബന്ധിച്ച്, മാതൃകാപരമായ പുകയില വിരുദ്ധപ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുന്നതും, പുകയില രഹിത സ്കൂളുകൾ യാഥാർത്ഥ്യമാക്കുന്നതുമായ സ്കൂളുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, നേതൃത്വം കൊടുക്കുന്ന അദ്ധ്യാപകർക്കും ജില്ലാ ഭരണകൂടം അവാർഡുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. നിങ്ങളുടെ സ്കൂൾ പുകയില രഹിതമാക്കാൻ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. സ്കൂളുകളുടെ പ്രവേശന കവാടങ്ങളിലും പ്രധാന കെട്ടിടത്തിലും പുകവലിരഹിത ബോർഡുകൾ സ്ഥാപിയ്ക്കുക. (വെള്ള പ്രതലത്തിൽ ചുവന്ന അക്ഷരങ്ങൾ)

> ഉദാ: പുകവലിനിരോധന മേഖല
>
> **No Smoking Zone**
>
> **എല്ലാവിധ പുകയില ഉത്പന്നങ്ങളുടേയും വിതരണം, ഉപയോഗം, വിൽപന, പരസ്യങ്ങൾ എന്നിവ ഈ സ്കൂളിന്റെ 100 മീറ്റർ ചുറ്റളവിൽ നിരോധിച്ചിരിയ്ക്കുന്നു. നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ഹെഡ്മാസ്റ്ററെ അറിയ്ക്കുക.**
>
> **ഫോൺ നമ്പർ -**

- സ്കൂളുകളിൽ പുകയില നിയന്ത്രണ സമിതികൾ രൂപീകരിയ്ക്കുക.
- സമിതിയിൽ പി.റ്റി.എ. പ്രസിഡന്റ്/ സെക്രട്ടറി, ഹെഡ്മാസ്റ്റർ, ഒരു അദ്ധ്യാപകൻ/ അദ്ധ്യാപിക/ മൂന്ന് വിദ്യാർത്ഥി പ്രതിനിധികൾ, വാർഡ്മെമ്പർ.
- പുകയില നിയന്ത്രണ സമിതി മാസത്തിൽ ഒരിയ്ക്കൽ യോഗം കൂടി പുകയില നിയന്ത്രണ പരിപാടികൾ അവലോകനം ചെയ്യുക.
- പുകയിലയുടെ ദോഷവശങ്ങളെക്കുറിച്ച് വർഷത്തിൽ കുറഞ്ഞത് 2 ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- സ്കൂളിന്റെ നൂറ് മീറ്റർ ചുറ്റളവിൽ ഉള്ള കടകളിൽ പരിശോധന നടത്തി പുകയില വിൽപ്പന, പരസ്യങ്ങൾ, ഉപയോഗം ഇവ ഇല്ല എന്ന് ഉറപ്പുവരുത്തുക.
- ഏതെങ്കിലും കുട്ടിയിൽ പുകയില ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ കേരളാ വോളന്ററി ഹെൽത്ത് സർവ്വീസ് പോലുള്ള സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ശാസ്ത്രീയ മാർഗ്ഗത്തിൽ കൗൺസിലിംഗ് നൽകുക.
- പഞ്ചായത്തുകളും, സന്നദ്ധ സംഘടനകളും നടത്തുന്ന പുകയില നിയന്ത്രണ പരിപാടികളിൽ സഹകരിയ്ക്കുക.
- മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കി സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നവംബർ 20-ാം തീയതിയ്ക്ക് മുമ്പായി റിപ്പോർട്ടുകൾ ഈ ഓഫീസിലേക്ക് അയയ്ക്കേണ്ടതാണ്.
- നമ്മുടെ എല്ലാസ്കൂളുകളേയും കുട്ടികളേയും പുകയില വിപത്തിൽ നിന്നും രക്ഷിയ്ക്കാനുള്ള ഈ ഉദ്യമത്തിൽ പങ്കുചേർന്ന് രാഷ്ട്രപുനർ നിർമ്മാണത്തിന് നമുക്ക് സ്വയം സമർപ്പിയ്ക്കാം.

DISTRICT MEDICAL OFFICER OF HEALTH
KOTTAYAM

OFFICE OF THE DISTRICT MEDICAL OFFICER OF HEALTH
KOTTAYAM
Date..................

ഡെപ്യൂട്ടി ഡയറക്ടർ
വിദ്യാഭ്യാസം
കോട്ടയം